LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സാഫല്യം ഭവന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകൾ

157 (7993) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണവകുപ്പിൽ നിന്നും മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ലഭിച്ച അപേക്ഷകൾ എത്രയെന്ന വ്യക്തമാക്കുമോ ;

(സി) ഭവനനിർമ്മാണ വകുപ്പ് നടപ്പിലാക്കിയ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നിലവിലുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ഡി) 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ നിബന്ധനകൾ വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിൽനിന്നും വീടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30-6-2014-ൽ അവസാനിച്ചു.

(ഡി) 7-2-2004 മുതൽ ബോർഡിൽ നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിവിധ ഉത്തരവുകളിലായി ദീർഘിപ്പിച്ച് അവസാനമായി 1-3-2014-ലെ സ.ഉ. (എംഎസ്.) 4/2014/ഭവനം പ്രകാരം 1-1-2014 മുതൽ 30-6-2014 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വായ്പാ/ഹയർ പർച്ചേയ്സ് ഗുണഭോക്താവിന് ഇനിപറയും പ്രകാരം ഇളവ് നൽകിയിരുന്നു. താഴ്ന്ന (LIG)/ഇടത്തരം (MIG) വരുമാന

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗക്കാർക്ക് കുടിശ്ശിക ഇകയ്ക്ക് ഈടാക്കിവരുന്ന പിഴപ്പലിശ പൂർണ്ണമായും, മുടക്കപ്പലിശയിൽ 70 ശതമാനവും ബാക്കി നിൽക്കുന്ന മുതലിന്റെ 5 ശതമാനം ഇളവും ലഭിക്കുന്നതാണ്. HIG വിഭാഗത്തിന് മുടക്കപ്പലിശ 50%, പിഴപ്പലിശ 100% ബാക്കി നിൽപ്പുതുകയിൽ 5% ഇളവും ലഭിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടി നേരിടുന്ന ഗുണഭോക്താക്കൾക്കും പ്രസ്തുത ഇളവ് കൂടാതെ കളക്ഷൻ ചാർജ്ജ് ഇനത്തിലും ഇളവുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ തുക ഒന്നായോ, ഗഡുക്കളായോ അടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുകയോ കുടിശ്ശിക തീർക്കുകയോ ചെയ്യാവുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം റീഫണ്ട് അനുവദിക്കുന്നതല്ല. ബോർഡ് ജീവനക്കാർക്ക് ആനുകൂല്യങ്ങളോടുകൂടി അനുവദിച്ചിട്ടുള്ള അലോട്ട്മെന്റുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ബാധകമല്ല. വായ്പാ കുടിശ്ശിക സംബന്ധിച്ച് ബോർഡിനോ ഗവൺമെന്റിനോ എതിരായി കേസ് ഫയൽ ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പ്രസ്തുത കേസിന്റെ വിധിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ കേസ് പിൻവലിച്ച ശേഷമോ തീരുമാനമെടുക്കുന്നതാണ്.

(ഇ) 7-2-2004 മുതൽ 30-6-2014 വരെ സംസ്ഥാനത്ത് 69400 പേർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങളുടെ വികസനം

158 (7994) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത വ്യവസായവുമായി ബന്ധപ്പെട്ട് നിൽക്കുന്ന തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെക്കാൾ കുറഞ്ഞ വേതനവും ആനുകൂല്യങ്ങളും, സൗകര്യങ്ങളുമാണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തിയില്ലെങ്കിൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകുമെന്നത് കണക്കിലെടുത്തും പ്രസ്തുത വ്യവസായത്തിന്റെ നിലനില്പ് കണക്കിലെടുത്തും ശക്തമായ നവീകരണ പരിപാടികൾ നടപ്പിലാക്കുമോ ; വ്യക്തമാക്കുമോ ?